**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 7266

16.7.2012ൽ
മറുപടിയ്ക്ക്

**നെന്മാറയിൽ മാവേലി സ്റ്റോറുകൾ**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ ; | | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) പാലക്കാട് ജില്ലയിൽ പുതിയതായി ഏതെല്ലാം പഞ്ചായത്തുകളിലാണ് മാവേലി സ്റ്റോറുകൾ തുടങ്ങിയിട്ടുള്ളത്; | എ) | പാലക്കാട് ജില്ലയിൽ വടകരപതി പഞ്ചായത്തിലെ വേലന്താവളത്തിൽ 4.6.12 മുതൽ പുതിയ മാവേലി സ്റ്റോർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| ബി) നെന്മാറ മണ്ഡലത്തിൽ അനുവദിച്ച രണ്ട് മാവേലി സ്റ്റോറുകൾ എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ; | ബി) | നെന്മാറ മണ്ഡലത്തിൽ പുതിയ മാവേലി സ്റ്റോറുകൾ ഒന്നും അനുവദി ച്ചിട്ടില്ല. |
| സി) നെന്മാറ മണ്ഡലത്തിൽ മൊബൈൽ മാവേലി സ്റ്റോർ അടിയന്തിരമായി അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ? | സി) | പാലക്കാട് ജില്ലയിൽ മണ്ണാർക്കാട് ഒരു സഞ്ചരിക്കുന്ന മാവേലി സ്റ്റോർ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. നെന്മാറ മണ്ഡലത്തിൽ പറമ്പികുളത്ത് പുതിയ സഞ്ചരിക്കുന്ന മാവേലി സ്റ്റോറിനുള്ള പ്രൊപ്പോസൽ നിലവിലുണ്ട്. എന്നാൽ സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ ഇല്ലാത്ത ജില്ലകളിൽ സഞ്ചരിക്കുന്ന മാവേലി സ്റ്റോർ ആരംഭിക്കുന്നതിനാണ് മുൻഗണന നൽകുന്നത്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് സാധ്യതാപഠനം നടത്തിയശേഷം അനുയോജ്യമെങ്കിൽ നെന്മാറ മണ്ഡലത്തിലും സഞ്ചരിക്കുന്ന മാവേലി സ്റ്റോർ തുടങ്ങുന്നതിനുള്ള അപേക്ഷയിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**